## കേരള സർക്കാർ കൃഷി വകുപ്പ്
## മരട് കാർഷിക നഗരമൊത്ത വ്യാപാര വിപണി

**AUWM(2) 72/2021** തിയതി: 11-08-2021

## ദർഘാസ്/ലേലപരസ്യം

മരട് അഗ്രികൾച്ചറൽ അർബൻ ഹോൾസെയിൽ മാർക്കറ്റിലെ ഒഴിവുള്ള ഒരു സ്റ്റാൾ (8x8മീ.) (P 1/16,17) കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനായി ലൈസൻസ് വ്യവസ്ഥയിൽ നൽകുന്നു. താൽപര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങൾ/ സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് മുദ്രവച്ച കവറുകളിൽ മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

| വിശദവിവരം | നിരതദ്രവ്യം (രൂപ) | പരിപാലന കാലയളവ് | ദർഘാസിന്റെ വില (രൂപ) | വില്പനസമയം അവസാനിക്കുന്ന തിയതി | ദർഘാസ് സ്വീകരിക്കുന്ന അവസാന തിയതി | ദർഘാസ് തുറക്കുന്നസമയം |
|---|---|---|---|---|---|---|
| മരട് കാർഷിക നഗരമൊത്ത വ്യാപാര വിപണിയിലെ ഒഴിവുള്ള കടമുറി (P 1/16,17) കരാറടിസ്ഥാനത്തിൽ നൽകുന്നതിന് | 25000 | 11 മാസം | 500+18% GST | 31-08-2021 11.00 am | 31-08-21; 1.00 pm | 31-08-2021 3.30 pm |

ദർഘാസ് പ്രമാണങ്ങളും വിശദവിവരങ്ങളും അഗ്രികൾച്ചറൽ അർബൻ ഹോൾസെയിൽ മാർക്കറ്റ് സെക്രട്ടറിയുടെ കാര്യാലയത്തിൽ നിന്നും 16/08/2021 മുതൽ 31-08-2021 11.00 am വരെയുള്ള പ്രവർത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 3 മണി വരെ ലഭിക്കുന്നതാണ്. ദർഘാസുകൾ പൂരിപ്പിച്ച് തിരികെ നൽകേണ്ട അവസാന തീയ്യതി 31-08-2021;1 PM വരെയാണ്. 31-08-2021ന് വൈകിട്ട് 3.30 pm മണിക്ക് മാർക്കറ്റ് കാര്യാലയത്തിൽ വച്ച് ദർഘാസുകൾ തുറന്ന് പരിശോധിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.

ദർഘാസിന്റെ പകർപ്പിന് 250 രൂപയും ടി. നിരക്കിലുള്ള GST ചേർത്ത് ലഭിക്കുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില പണമായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നിരതദ്രവ്യം താഴെ ഒപ്പിട്ട ഉദ്യോഗസ്ഥന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി വാങ്ങേണ്ടതും നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസ്സുകൾ നിരസിക്കുന്നതുമാണ് . കരാർ ഏറ്റെടുക്കുന്ന ആൾ 3 മാസത്തെ വാടകത്തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടയ്ക്കേണ്ടതുമാണ്. ദർഘാസുകൾ തുറക്കുന്ന സമയത്ത് ഉയർന്ന തുക രേഖപ്പെടുത്തുന്ന കരാറുകാരൻ ഒരുമാസത്തെ വാടക തുക ഒടുക്കി രസീത് കൈപ്പറ്റേണ്ടതാണ്. 7 ദിവസത്തിനകം 2 മാസത്തെ തുക കൂടി ഒടുക്കാത്ത പക്ഷം ഒരു കാരണവശാലും കരാറിൽ തുടരുവാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല. എല്ലാ മാസവും പതിനഞ്ചാം തിയതിയ്ക്കകം വാടക ഒടുക്കാത്ത പക്ഷം മറ്റൊരറിയിപ്പ് കൂടാതെ കരാർ റദ്ദാക്കുന്നതാണ്

31-08-2021 3.30 pm ന് ദർഘാസ് സമർപ്പിച്ചവരുടെയോ അവരുടെ അംഗീകൃത പ്രതിനിധികളുടേയോ സാന്നിധ്യത്തിൽ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ദർഘാസുകൾ തുറക്കുന്നതായിരിക്കും.

ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തുന്നതും ഉത്തരവാദിത്വത്തോടെ കരാർ ഏറ്റെടുക്കുന്നതുമായ ആൾക്ക് കരാർ താൽക്കാലികമായി ഉറപ്പിക്കുന്നതാണ്.. പരസ്യത്തെ സംബന്ധിച്ച് എല്ലാ വിവരങ്ങൾക്കും താഴെ ഒപ്പുവച്ചതും ദർഘാസുകൾ സ്വീകരിക്കുകയും തുറക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥനിൽ നിന്ന് നേരിട്ട് പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

## നിബന്ധനകൾ

1.കേരള സർക്കാരിന്റെ ദർഘാസുകളെ സംബന്ധിച്ച എല്ലാ നിയമങ്ങളും ചട്ടങ്ങളും ഇതിനും ബാധകമാണ്.

2.ടെണ്ടർ നിബന്ധന പ്രകാരം ലൈസൻസി (ലൈസൻസ് പ്രകാരമുള്ള) അനുവദിച്ചിട്ടുള്ള കാർഷിക വിഭവങ്ങൾ മാത്രമേ വിപണനം നടത്തുവാൻ പാടുള്ളൂ. ഒന്നിലധികം കാർഷികവിഭവങ്ങൾ ശേഖരിച്ച് വയ്ക്കുന്നതിനും വിപണനം ചെയ്യുന്നതിനും പ്രത്യേക ലൈസൻസ്, ലൈസൻസറുടെ പക്കൽനിന്നും ലൈസൻസി വാങ്ങിയിരിക്കേണ്ടതാണ്.

3.അനുവദിച്ചിട്ടുള്ള സ്ഥലത്തും കാലയളവിലും കാർഷികവിഭവങ്ങൾ ശേഖരിച്ച് വയ്ക്കുന്നതിനും വിപണനം ചെയ്യുന്നതിനും ലൈസൻസി, ടെണ്ടർ പ്രകാരമുള്ള പ്രതിമാസവാടക തുക മുൻകൂറായി ഓരോ മാസവും 15-ാം തീയതിക്ക് മുൻപായി ലൈസൻസറുടെ ഓഫീസിൽ അടയ്ക്കേണ്ടതുമാകുന്നു. 15-ാം തീയതിയ്ക്കകം വാടക അടയ്ക്കാത്തപക്ഷം 12% പിഴ പലിശ കണക്കാക്കി അടയ്ക്കേണ്ടതുമാകുന്നു. മൂന്ന് മാസത്തിൽ കൂടുതൽ കുടിശ്ശിക വരുത്തുകയാണെങ്കിൽ 15%പിഴപലിശ അടയ്ക്കേണ്ടതാകുന്നു.

4.ലൈസൻസിക്ക് അനുവദിച്ചിട്ടുള്ള സ്ഥലം പിന്തുടർച്ചാവകാശിക്കല്ലാതെ യാതൊരു കാരണവശാലും കൈമാറ്റം ചെയ്യുന്നതിനോ വിൽപ്പന നടത്തുന്നതിനോ ഉള്ള അധികാരംഉണ്ടായിരിക്കുന്നതല്ല.

5.തുടർച്ചയായി 3 മാസം വാടക കുടിശ്ശിഖ വന്നാൽ ഈ കരാറിന്റെ പ്രാബല്യം സ്വയമേവ അവസാനിക്കുന്നതും ടി. ലൈസൻസി വിപണി പരിസരത്ത് പ്രവേശിക്കുന്നത് തടയുന്നതിനുമുള്ള അധികാരം ലൈസൻസർക്ക് ഉണ്ടായിരിക്കുന്നതുമാണ്. പ്രസ്തുത നടപടി നടപ്പിലാക്കുന്നതിന് പ്രത്യേക നോട്ടീസിന്റെ ആവശ്യം ഇല്ലാതിരിക്കുന്നതും മാർക്കറ്റിനുണ്ടാകുന്ന (അതോറിറ്റിക്ക്) സകല നഷ്ടങ്ങൾക്കും ലൈസൻസി ഉത്തരവാദി ആയിരിക്കുന്നതുമാകുന്നു. പ്രസ്തുത നഷ്ടങ്ങൾ ലൈസൻസിയുടെ അഡ്വാൻസ് ഡിപ്പോസിറ്റ് തുകയിൽ നിന്നും ഈടാക്കുന്നതുമാകുന്നു.

6. ലൈസൻസി നേരിട്ടോ. ഒന്നിൽ കൂടുതൽ ലൈസൻസികൾ ഒരുമിച്ചോ കൃഷിക്കാരിൽ നിന്നും കാർഷിക വിഭവങ്ങൾ ശേഖരിക്കാവുന്നതുമാണ്. ലൈസൻസിക്കോ അയാൾ അധികാരപ്പെടുത്തിയ വ്യക്തിക്കോ മാത്രമേ ലൈസൻസ് കാലയളവിൽ വിപണനം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

7. ഓരോ ദിവസത്തെയും വ്യാപാരം സംബന്ധിച്ച വിവരങ്ങൾ മനസ്സിലാക്കുന്നതിന് ലൈസൻസർക്കാ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ വ്യാപാരസ്ഥാപനങ്ങളിൽ പ്രവേശിച്ച് സ്റ്റോക്ക് തിട്ടപ്പെടുത്തുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതും ലൈസൻസി സമർപ്പിച്ച് സ്റ്റേറ്റ്മെന്റിൽ പിശകുകൾ ഉണ്ടെങ്കിൽ, ലൈസൻസിയുടെ ഭാഗം കേട്ടശേഷം ഉചിതമായ നടപടി സ്വീകരിക്കുവാൻ ലൈസൻസർക്ക് അധികാരം ഉണ്ടായിരിക്കുന്നതും ആണ്.

9. ലൈസൻസിയിൽനിന്നും ഏതെങ്കിലും ഇനത്തിൽ ലൈസൻസർക്ക് ലഭിക്കേണ്ട തുക കിട്ടാതെ വന്നാൽ ലൈസൻസിയുടെസെക്യൂരിറ്റി ഡിപ്പോസിറ്റ് തുകയില് നിന്നും ടി. തുക ഈടാക്കുന്നതും, ആയതിനു വേണ്ടി പ്രത്യേക നോട്ടീസ് കൊടുക്കേണ്ട ആവശ്യം ഇല്ലാത്തതും ആകുന്നു. അങ്ങിനെ തുക സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നും ഈടാക്കിയാൽ ലൈസൻസി പ്രസ്തുത തുക അറിയിപ്പ് കിട്ടി 7 ദിവസത്തിനകം ഓഫീസിൽ അടച്ച് ഡിപ്പോസിറ്റ് പൂർവ്വസ്ഥിതിയിലേയ്ക്കുകൊണ്ടുവരേണ്ടതാകുന്നു. ടി.വിഷയത്തിൽ ലൈസൻസിക്ക് എന്തെങ്കിലും

എതിർപ്പ് ഉണ്ടെങ്കിൽ മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മറ്റിക്ക് അപ്പിൽ നൽകാവുന്നതാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

10. കാലാകാലങ്ങളിൽ മാർക്കറ്റ് അതോറിറ്റി തീരുമാനിക്കുന്ന വൈദ്യുതചാർജ്, വെള്ളത്തിന്റെ കരം, പാഴ്വസ്തുക്കളുടെ സംസ്കരണത്തിനുള്ള ചിലവ് എന്നിവ കൊടുക്കുവാൻ ലൈസൻസി ബാദ്ധ്യസ്ഥനാണ്.

11. ലൈസൻസിക്ക് അനുവദിച്ചിട്ടുള്ള സ്റ്റാളും പരിസരവും ശുചിയായി സൂക്ഷിക്കേണ്ടതാണ്. മാർക്കറ്റ് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരിസരശുചിത്വം പാലിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ലൈസൻസിക്ക് അനുവദിച്ചിരിക്കുന്ന സ്റ്റാളും പരിസരവും വൃത്തിഹീനമായി ഇട്ടിരിക്കുകയാണെങ്കിൽ, നോട്ടീസ് കൂടാതെ പ്രസ്തുത സ്ഥലം വൃത്തിയാക്കുന്നതിനാവശ്യമായ നടപടി ലൈസൻസർ സ്വീകരിക്കുന്നതും അതിനു ചിലവായ തുക ലൈസൻസിയുടെ അഡ്വാൻസിൽ നിന്നും ഈടാക്കുന്നതും ആയിരിക്കും. ടി.വിഷയത്തിൽ ലൈസൻസിക്ക് എന്തെങ്കിലും എതിർപ്പ് ഉണ്ടെങ്കിൽ മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മറ്റിക്ക് അപ്പിൽ നൽകാവുന്നതാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

12. കരാറിന്റെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ലൈസൻസിക്ക് ലൈസൻസറുമായി മറ്റു ബാദ്ധ്യതകളൊന്നും ഇല്ലെങ്കിൽ കരുതൽ തുക മുഴുവനായി ലൈസൻസിക്ക് ലഭ്യമാകുന്നതാണ്.

13. സ്റ്റാളുകളിലുണ്ടാകുന്ന ഉപയോഗ്യശൂന്യമായ പച്ചക്കറികൾ പഴവർഗ്ഗങ്ങൾ മറ്റു പാഴ്വസ്തുക്കൾ എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം അതോറിറ്റി ഏർപ്പെടുത്തുന്നപക്ഷം സംസ്കരണത്തിന് ചെലവാകുന്ന തുകയുടെ ഒരുഭാഗം ആനുപാതികമായി അടയ്ക്കുവാൻ ലൈസൻസി ബാധ്യസ്ഥനാണ് .

14.മാർക്കറ്റു സെക്രട്ടറിയുടെ ഉത്തരവിനും നിർദ്ദേശങ്ങൾക്കും എതിരായി അപ്പീൽ കൊടുക്കുവാൻ ലൈസന്സിക്ക് സാധിക്കുമെങ്കിലും അപ്പീൽ തീരുമാനം വരും വരെ ടി. ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കുവാൻ ലൈസൻസി ബാധ്യസ്ഥനാണ് .

15. ലൈസൻസി കരാർ പുതുക്കുവാൻ ആഗ്രഹിക്കുന്ന പക്ഷം നിലവിലുള്ള കരാർ കാലാവധി അവസാനിക്കുന്നതിന് ഒരു മാസം മുൻപെങ്കിലും കുടിശ്ശികകൾ ഉണ്ടെങ്കിൽ അത് തീർത്ത ശേഷം ലൈസൻസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

16.കരാർ പുതുക്കുന്നതിനുള്ള ലൈസൻസിയുടെഅപേക്ഷ സ്വീകരിക്കുവാനോ കാരണം കൂടാതെ തിരസ്കരിക്കുവാനോ ഉള്ള അധികാരം ലൈസൻസറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. കരാർ പുതുക്കികിട്ടുന്നത് ലൈസൻസിയുടെ അവകാശമായി കരുതുവാൻ പാടില്ലാത്തതുമാകുന്നു.

17. ചുമട്ടുതൊഴിലാളികളെ സംബന്ധിച്ച് ഗവണ്മെന്റ് കാലാകാലങ്ങളിൽപുറപ്പെടുവിക്കുന്ന ഉത്തരവുകൾ മാർക്കറ്റ് പരിസരത്ത്ബാധകമായിരിക്കുന്നതും ടി ഉത്തരവുകൾ പാലിക്കുവാൻ ലൈസൻസി ബാദ്ധ്യസ്ഥനുമായിരിക്കും.

18. ഈ കരാറിൽ കാണിച്ചിരിക്കുന്ന നിബന്ധനകൾ നിലനിൽക്കെ ലൈസൻസിയുടെ പ്രവർത്തനവും പ്രവർത്തനശൈലിയും നഗര കാർഷിക മൊത്ത വ്യാപാര വിപണിയുടെതാല്പര്യങ്ങൾക്കും ഉദ്ദേശലക്ഷ്യങ്ങൾക്ക് എതിരാണ് എങ്കിൽ ലൈസൻസ് റദ്ദാക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനു മുൻപായി ലൈസൻസിക്ക് നോട്ടീസ് നൽകേണ്ടതും ടി.ആളുടെ ഭാഗം കേൾക്കുവാൻ അവസരം നൽകേണ്ടതുമാണ്. ഈ കാലയളവിൽ ആവശ്യമെന്നു തോന്നുന്നപക്ഷം 15 ദിവസത്തിൽ കവിയാതെയുള്ള കാലയളവിലേയ്ക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള അധികാരം ലൈസൻസർക്ക് ഉണ്ടായിരിക്കും.

19.ലൈസൻസിക്ക് അനുവദിച്ചിട്ടുള്ളവ്യാപാരസ്ഥലത്ത്30 ദിവസത്തോളം വ്യാപാരംഒന്നും തന്നെ നടക്കാതിരിക്കുകയോ നാമമാത്രമായവ്യാപാരം മാത്രമേ നടക്കുന്നുള്ളൂ എന്നു മാർക്കറ്റ് സെക്രട്ടറിക്ക് ബോദ്ധ്യപ്പെടുകയോ ചെയ്താൽ, ലൈസൻസിക്ക് നോട്ടീസ് നൽകി. ടി.യാൻറെ ഭാഗം കേട്ട ശേഷം ആവശ്യമെങ്കിൽ ലൈസൻസ് റദ്ദാക്കുന്നതിനുള്ള അധികാരം മാർക്കറ്റ് അതോറിട്ടിയിൽ നിക്ഷിപ്തമായിരിക്കും.

20. ഈ ഉടമ്പടി പ്രകാരം ലൈസൻസിക്ക് നൽകുന്ന അവകാശം ലൈസൻസറുടെ സ്ഥലത്ത് വ്യാപാരം നടത്തുന്നതിനുള്ള അനുമതി മാത്രമാണെന്നും അല്ലാതെ വാടകക്കാരനുള്ള അവകാശം ഒന്നുംതന്നെ ലൈസൻസിക്ക്ഇല്ലാത്തതുമായിരിക്കുന്നതുമാണ്.

21. സർക്കാര് കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്ന വാടക കൊടുക്കുവാൻ ലൈസൻസി ബാധ്യസ്ഥനാണ്. കൂടാതെ ബഹു. ജില്ലാ കളക്ടർ ചെയർമാനായുള്ള മാർക്കറ്റ് എക്സിക്യൂട്ടിവ് കമ്മിറ്റി കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ പാലിക്കുവാൻ ലൈസൻസി ബാദ്ധ്യസ്ഥനാണ്. കൂടാതെ അതാതു സമയങ്ങളിൽ നിലവിലുള്ള നിയമപ്രകാരമുള്ള എല്ലാ നികുതികളും അവയുടെ കുടിശ്ശികയും അടയ്ക്കുവാൻ ലൈസൻസികൾ ബാദ്ധ്യസ്ഥനാണ്.

22. കടമുറി ലഭിക്കുന്ന ലൈസൻസിയ്ക്ക് അതിൽ ഘടനാപരമായ മാറ്റം വരുത്തുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല. ഇതിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ലൈസൻസ് റദ്ദാക്കുന്നതാണ്.

23. ടെണ്ടർ തുറക്കാൻ നിശ്ചയിച്ചിരിക്കുന്ന ദിവസംഏതെങ്കിലും കാരണവശാൽ അവധി ആകുകയാണെങ്കിൽ മറ്റൊരറിയിപ്പു കൂടാതെ തൊട്ടടുത്ത പ്രവൃത്തി ദിവസംഅതേസമയം ക്വട്ടേഷൻ തുറക്കുന്നതാണ്.

24. ടെണ്ടർ സ്വീകരിക്കുന്നതിനും യാതൊരു കാരണവുംകാണിക്കാതെ തള്ളിക്കളയുന്നതിനുമുള്ള അധികാരം മാർക്കറ്റ് സെക്രട്ടറിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

സെക്രട്ടറി
മരട് കാർഷിക നഗരമൊത്ത വ്യാപാര വിപണി

SECRETARY
Joint Director of Agriculture
Agricultural Urban Wholesale Market
Maradu, Nettoor P.O., Ernakulam
Pin 682040